LIBRARY ARCHIVES Kerala Legislative Assembly

**നീലേശ്വരം നഗരസഭയ്ക്ക് പുതിയ കെട്ടിടം**

393 (5118) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി രൂപീകരിച്ച നഗരസഭകൾക്കുള്ള കെട്ടിട നിർമ്മാണ പദ്ധതി പ്രകാരം നീലേശ്വരം നഗരസഭയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ അധിക തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

"പുതുതായി രൂപീകരിച്ച നഗരസഭകൾക്കുള്ള കെട്ടിട നിർമ്മാണം" പദ്ധതിയിൽ നീലേശ്വരം നഗരസഭ ഉൾപ്പെട്ടുന്നില്ല.

**ബഡ്സ് സ്കൂളുകളിലെ ജീവനക്കാരുടെ പ്രതിമാസ വേതനം**

394 (5119) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളമായി ഇപ്പോൾ എത്ര തുകയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളം നല്കുന്നത് 7-2-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 20/2018/തസ്വഭവ. പ്രകാരമാണ്. അതിൻപ്രകാരം നിലവിലെ ബഡ്സ് സ്കൂളുകളിലെ ജീവനക്കാരുടെ പ്രതിമാസ ഓണറേറിയം/ശമ്പളം താഴെപ്പറയും പ്രകാരമാണ്. ബഡ്സ് സ്കൂളുകളിൽ ജോലി ചെയ്യുന്ന Rehabilitation Council of India (RCI)-യുടെ അംഗീകൃത പരിശീലനം സിദ്ധിച്ച അദ്ധ്യാപകർക്ക് 30,675 രൂപയും നിശ്ചിത യോഗ്യത ഇല്ലാത്ത അധ്യാപകർക്ക് 23,100 രൂപയുമാണ് പ്രതിമാസ ഓണറേറിയം/ശമ്പളം. മുകളിൽ പറഞ്ഞ ഉത്തരവുപ്രകാരം ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ആയമാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളം 17,325 രൂപയാണ്.